⇨ ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലകളിൽ ഒരുതരത്തിലുമുള്ള തയ്യാറെടുപ്പുകളും ഉണ്ടായിട്ടില്ല ⇨

ദുരന്താനന്തരം
**കേരളം**

# ദുരന്തലഘൂകരണം എന്നതാണ് ദുരന്തനിവാരണത്തിന്റെ മർമ്മം

മുൻകരുതൽ ശ്രമങ്ങളൊന്നും നടക്കാത്തതുകൊണ്ടും ജനങ്ങളോട് ദുരന്തലഘൂകരണത്തെക്കുറിച്ച് സംസാരിക്കാത്തതിനാലും ദുരന്തനിവാരണ പ്രവർത്തനങ്ങൾ കേരളത്തിൽ ഫലപ്രദമായി നടക്കുന്നു എന്ന് എനിക്ക് അഭിപ്രായമില്ല. മനുഷ്യജീവനുകൾ രക്ഷപ്പെടുത്താൻ കഴിഞ്ഞു എന്നതിൽ കേരളത്തിന് ഏറെക്കാലം ആശ്വസിക്കാൻ കഴിയില്ല.

**സാഗർ ധാര / കേരളീയം**

**ദുരന്ത നിവാരണ-ലഘൂകരണ പ്രവർത്തനങ്ങളെക്കുറിച്ച് ഏറെ പഠിക്കുകയും ആ മേഖലയിൽ പ്രവർത്തിക്കുകയും ചെയ്ത ഒരു പരിസ്ഥിതി ശാസ്ത്രജ്ഞൻ എന്ന നിലയിൽ കേരളം കടന്നുപോയ ഈ ദുരന്തത്തെക്കുറിച്ചുള്ള താങ്കളുടെ പ്രാഥമിക വിലയിരുത്തലുകൾ എന്തെല്ലാമാണ്? ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഇവിടെ ഫലപ്രദമായി നടന്നു എന്ന് താങ്കൾ കരുതുന്നുണ്ടോ?**

ജീവനും സ്വത്തിനും പരിസ്ഥിതിക്കും വലിയ നാശനഷ്ടങ്ങൾ വരുത്തുന്ന ആപത്കരമായ സംഭവങ്ങളെയാണ് ദുരന്തങ്ങൾ എന്ന് പറയാറുള്ളത്. രണ്ട് തരത്തിലുള്ള ദുരന്തങ്ങളുണ്ട്. പ്രകൃതി ദുരന്തങ്ങളും, മനുഷ്യനിർമ്മിത ദുരന്തങ്ങളും. വളരെ വേഗത്തിൽ ജീവൻ നഷ്ടപ്പെടുത്തുന്നവയും വളരെ സാവധാനത്തിൽ ജീവതമാർഗ്ഗങ്ങൾ ക്ഷയിപ്പിക്കുകയും ചെയ്യുന്ന ദുരന്തങ്ങളുണ്ട്. കേരളത്തിൽ ഇപ്പോഴുണ്ടായ ദുരന്തം കഴിഞ്ഞ 30 വർഷങ്ങളായി ഇന്ത്യയുടെ പലഭാഗങ്ങളിലുമുണ്ടാകുന്ന ദുരന്തത്തിന്റെ തുടർച്ചയായാണ് ഞാൻ കാണുന്നത്. കുറേ മനുഷ്യജീവനുകൾ രക്ഷപ്പെടുത്താൻ കഴിഞ്ഞു എന്നതാണ് കേരളത്തിലുണ്ടായ ദുരന്തത്തിലെ വ്യത്യാസം. ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി അതിതീവ്ര കാലാവസ്ഥാ സംഭവങ്ങൾ കൂടിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായാണ് കേരളത്തിലുണ്ടായ ദുരന്തത്തെയും കാണേണ്ടത്. ഐക്യരാഷ്ട്ര സഭയുടെ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചെയ്ഞ്ച് പുറത്തുവിട്ട അഞ്ചാം റിപ്പോർട്ട് അതിതീവ്ര കാലാവസ്ഥാ സംഭവങ്ങളുടെ ആവൃത്തിയും തീവ്രതയും കൂടിക്കൊണ്ടിരിക്കുന്നതായി വ്യക്തമായി പറയുന്നുണ്ട്. പ്രത്യേകിച്ച് ഏഷ്യൻ രാജ്യങ്ങളിൽ. ഈ ആഗോളസാഹചര്യത്തെക്കുറിച്ച് വ്യക്തമായി മനസ്സിലാക്കിയിരുന്നെങ്കിൽ ദുരന്തവ്യാപ്തി കേരളത്തിൽ ഇതിലും കുറയ്ക്കാമായിരുന്നു. അതിതീവ്രമഴയുണ്ടാകുമെന്ന് കാലാവസ്ഥാ പ്രവചനം ഉണ്ടായിരുന്നിട്ടും ദുരന്തസാധ്യയുള്ള സ്ഥലങ്ങളിൽ നിന്നും ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനോ വ്യക്തമായ മുന്നറിയിപ്പ് നൽകുന്നതിനോ ഇവിടെ കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ച് ഉരുൾപൊട്ടൽ സാധ്യതയുള്ള മേഖലകളിൽ ഒരുതരത്തിലുമുള്ള തയ്യാറെടുപ്പുകളും ഉണ്ടായിട്ടില്ല. ഇടുക്കി ജില്ലയിലെ ദുരന്തബാധിത പ്രദേശങ്ങളിലൂടെ ഞാൻ മൂന്ന് ദിവസത്തെ സന്ദർശനം നടത്തിയിരുന്നു. ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളുമുണ്ടായ മേഖലകളിലെല്ലാം പലതരത്തിലുള്ള

യുണൈറ്റഡ് നേഷൻസ് എൻവിയോൺമെന്റ് പ്രോഗ്രാമിൽ റിസ്ക് അനാലിസിസ് വിംഗ് ഡയറക്ടറായിരുന്നു സാഗർ ധാര. ഇപ്പോൾ മുഴുവൻ സമയ പരിസ്ഥിതി പ്രവർത്തകൻ.

ദുരന്തനിവാരണ പ്രവർത്തനങ്ങളും മുൻകൂട്ടി ചെയ്യാൻ കഴിയുമായിരുന്നു എന്നതാണ് സ്ഥല സന്ദർശനത്തിൽ നിന്നും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഉരുൾപൊട്ടലുണ്ടായ സ്ഥലങ്ങളിലെല്ലാം പാറകൾക്ക് മുകളിൽ മേൽമണ്ണിന്റെ നേർത്ത ആവരണം ഉള്ളതരത്തിലായിരുന്നു ഭൗമഘടന. മേൽമണ്ണിനെ പിടിച്ചുനിർത്താൻ ശക്തിയുള്ള വേരുകളുള്ള മരങ്ങൾ ഇല്ലാതായതോടെ മണ്ണ് ഇളകി താഴേക്ക് പതിച്ചിരിക്കുകയാണ്. ഇത്തരം ഭൗമഘടനയുള്ള സ്ഥലങ്ങളിൽ ചില നടപടികൾ മുൻകൂറായി സ്വീകരിച്ചിരുന്നെങ്കിൽ ദുരന്തം ഒഴിവാക്കാമായിരുന്നു. അടിയിൽ പാറയുള്ള നേർത്ത മേൽമണ്ണ് മാത്രമാണോ ഒരു പ്രദേശത്തുള്ളതെന്ന് കണ്ടെത്താൻ പ്രയാസമാണ്. ചിലയിടങ്ങളിൽ പാറയുടെ സാന്നിധ്യം ദൃശ്യമാകാറുമുണ്ട്. അതുപോലെ മണ്ണൊലിപ്പ് സാധ്യതയുള്ള തരത്തിലുള്ള ചരിവ് ഒരു പ്രദേശത്തിനുണ്ടെങ്കിൽ അതും തിരിച്ചറിയാൻ കഴിയും. അതിനനുസരിച്ചുള്ള മുൻകരുതലുകൾ ആ പ്രദേശങ്ങളിൽ സ്വീകരിക്കാം. ഉരുൾപൊട്ടൽ സാധ്യതയുള്ള സ്ഥലങ്ങളിൽ വളരുന്ന ചെടികളുടെ വേരുകൾക്ക് മേൽമണ്ണിനെ പിടിച്ചുനിർത്താനുള്ള ശേഷിയുണ്ടോ എന്നും നമുക്ക് പരിശോധിക്കാൻ കഴിയും. ആഴത്തിൽ വേരുകളുള്ള വനസസ്യങ്ങൾക്കാണ് മേൽമണ്ണിനെ നന്നായി പിടിച്ചുനിർത്താൻ കഴിയുന്നത്. പ്ലാന്റേഷൻ സെക്ടറിൽ ഉള്ളതെല്ലാം പ്രതലത്തിൽ മാത്രം വേരുകളുള്ള ചെടികളും മരങ്ങളുമാണ്. ഇത് ഉരുൾപൊട്ടലിന്റെ സാധ്യത വർദ്ധിപ്പിക്കുന്നു. ഞാൻ സന്ദർശിച്ച ദുരന്ത സ്ഥലങ്ങളിലെല്ലാം അത്തരം ആഴത്തിൽ വേരുകളില്ലാത്ത ചെടികളായിരുന്നു ഉണ്ടായിരുന്നത്. ഞാൻ പറയുന്നത് ഒരു പ്രാഥമിക വിലയിരുത്തലാണ്. വളരെയേറെ പഠനങ്ങൾ നടക്കേണ്ട ഒരു മേഖലയാണിത്. പ്ലാന്റേഷനും വനവും മേൽമണ്ണിനെ പിടിച്ചുനിർത്തുന്നതിലെ വ്യത്യാസം പഠനങ്ങളുടെ അടിസ്ഥാനത്തിൽ നമുക്ക് വ്യക്തമാക്കാൻ കഴിയണം. പ്രളയബാധിത പ്രദേശങ്ങളെക്കുറിച്ചും ഇത്തരം പഠനങ്ങൾ നടക്കേണ്ടതുണ്ട്. അത്തരം മുൻകരുതൽ പ്രവർത്തനങ്ങളൊന്നും നടക്കാത്തതുകൊണ്ടും ജനങ്ങളോട് ദുരന്തലഘൂകരണത്തെക്കുറിച്ച് ഈ രീതിയിൽ വിശദമാക്കാത്തതുകൊണ്ടും ദുരന്തനിവാരണ പ്രവർത്തനങ്ങൾ കേരളത്തിൽ ഫലപ്രദമായി നടക്കുന്നു എന്ന് എനിക്ക് അഭിപ്രായമില്ല. മനുഷ്യജീവനുകൾ രക്ഷപ്പെടുത്താൻ കഴിഞ്ഞു എന്നതിൽ കേരളത്തിൽ ഏറെക്കാലം ആശ്വസിക്കാൻ കഴിയില്ല.

**ദുരന്തനിവാരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ശ്രമിക്കുമ്പോൾ കേരളം എന്താണ് ശ്രദ്ധിക്കേണ്ടത്? കേരളത്തിന്റെ സവിശേഷതകൾ പരിഗണിക്കുമ്പോൾ എന്താണ് തോന്നുന്നത്?**

കേരളത്തിൽ എന്നല്ല എവിടെയും ഒരു കമ്മ്യൂണിറ്റി ബെയ്സ്ഡ് റിസ്ക് മാനേജ്മെന്റ് പരിപാടിയാണ് ദുരന്തനിവാരണത്തിൽ വേണ്ടത്. അതായത് തദ്ദേശീയ സമൂഹത്തിന്റെ മുൻകൈയിൽ ജനപങ്കാളിത്തത്തോടെ ദുരന്തനിവാരണ പരിപാടികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും കഴിയണം. ഇന്ത്യയിൽ എവിടെയും നമുക്ക് അത്തരത്തിലുള്ള ഒരു നയമില്ല. പക്ഷെ ദുരന്തമുണ്ടാകുമ്പോൾ തദ്ദേശീയർ സ്വന്തം നിലയിൽ അത്തരം ഫലപ്രദമായ ശ്രമങ്ങൾ നടത്തുന്നത് നമ്മൾ കാണാറുമുണ്ട്. അതിനെയെല്ലാം ഏകോപിപ്പിച്ച് ഒരു ദുരന്തനിവാരണ സമിതി പ്രാദേശിതലത്തിൽ സജ്ജമാക്കുന്നതിന് സർക്കാർ തലത്തിൽ ശ്രമങ്ങളൊന്നും ഉണ്ടായിട്ടില്ല. ഇടുക്കിയിൽ ഞങ്ങൾ സന്ദർശിച്ച വാഴത്തോപ്പ് പഞ്ചായത്തിലെ താന്നിക്കണ്ടം എന്ന സ്ഥലത്ത് മഴ അതിതീവ്രമായപ്പോൾ ഉരുൾപൊട്ടൽ സാധ്യത മുന്നിൽക്കണ്ട് പള്ളിയിൽ മണി മുഴക്കി ആളുകളെ ഒഴിപ്പിച്ചിരുന്നു. ആ വിലയിരുത്തലും നടപടിയും ശരിയായിരുന്നു. എല്ലാവരും ഒഴിഞ്ഞുപോയ ശേഷം അവിടെ ഉരുൾപൊട്ടലുണ്ടായി. ആരും മരണപ്പെട്ടില്ല. അപകട സാധ്യത വിലയിരുത്തുന്നതിലും ഇടപെടുന്നതിലും തദ്ദേശീയ സമൂഹത്തിന്റെ പങ്ക് തെളിയിക്കുന്ന സംഭവമാണിത്. പല സ്ഥലങ്ങളിലും ഇത് സംഭവിച്ചിട്ടുണ്ടാകാം. കഴിഞ്ഞ 30 വർഷങ്ങളായി ഇന്ത്യയിലുണ്ടായ ദുരന്തങ്ങൾ പരിശോധിക്കുകയാണെങ്കിൽ മനുഷ്യജീവന് വിലയില്ലാത്തതുകൊണ്ടാണ് ആളുകൾ മരണപ്പെടുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 1977ൽ ഉണ്ടായ ആന്ധ്ര സൈക്ലോൺ ദുരന്തം മുതൽ കേരളത്തിൽ ഇപ്പോഴുണ്ടായ ദുരന്തം വരെ നോക്കിയാൽ രക്ഷപ്പെടുത്താൻ കഴിഞ്ഞ ആളുകളുടെ എണ്ണം വളരെ കുറവാണ്. സാങ്കേതികവിദ്യയോ സൈന്യമോ ഇല്ലാത്തതുകൊണ്ടല്ല ഇത്രയും മരണം സംഭവിച്ചത്. ദുരന്തം മുൻകൂട്ടി അറിയുന്നതിനും ദുരന്തസ്ഥലത്ത് രക്ഷാപ്രവർത്തനം നടത്തുന്നതിനും ആവശ്യമായ എല്ലാ സാങ്കേതിക-സേനാ സംവിധാനങ്ങളും നമുക്കുണ്ട്. 2004ൽ സുനാമി ഉണ്ടായപ്പോൾ എന്താണ് സംഭവച്ചിതെന്ന് നോക്കൂ. ആൻഡമാൻ ദ്വീപ സമൂഹങ്ങളിലാണ് ആദ്യം സുനാമി തിരമാലകൾ എത്തുന്നത്. അപ്പോൾത്തന്നെ ആൻഡമാനിലെ ഇന്ത്യൻ എയർ ഫോ

➪ *അപകടകരമായ രീതിയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ് ഭൂമി* ➪



ഭൂമി പിളരുന്ന പ്രതിഭാസം. ഇടുക്കിയിൽ നിന്നുള്ള ദൃശ്യം. (ഫോട്ടോ: സാഗർ ധാര)

ഴ്സ് സ്റ്റേഷനിൽ നിന്നും എയർ ഹെഡ്ക്വാർട്ടേഴ്സിലേക്ക് വിവരം കൈമാറിയിരുന്നു. എയർ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും കേന്ദ്ര സർക്കാരിലേക്കും വിവരം കൈമാറിയിരുന്നു. പക്ഷെ സുനാമി തിരമാലകൾ ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിലേക്ക് എത്തുമ്പോഴേക്കും ആളുകളെ ഒഴിപ്പിക്കുന്നതിനുള്ള കാര്യമായ ശ്രമങ്ങളുണ്ടായില്ല. 1999ൽ ഒഡീഷയെ തകർത്തെറിഞ്ഞ സൂപ്പർ സൈക്ലോണിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. 250 കിലോമീറ്റർ വേഗതയുള്ള കൊടുങ്കാറ്റ് വരാൻ പോകുന്നു എന്ന് മൂന്ന് ദിവസം മുന്നേ അറിഞ്ഞിട്ടും ഒഡീഷ സർക്കാരിന് ജനങ്ങളെ ഒഴിപ്പിക്കാൻ കഴിഞ്ഞില്ല. 1993ൽ ആന്ധ്രയിലെ മച്ചിലിപട്ടണത്തിലുണ്ടായ സൈക്ലോൺ ദുരന്തത്തിൽ സ്ഥിതി വ്യത്യസ്തമായിരുന്നു. കൃത്യമായ മുന്നറിയിപ്പ് ലഭിച്ചതുകൊണ്ട് അന്ന് ഒന്നരലക്ഷത്തോളം ആളുകളെ ആന്ധ്ര സർക്കാരിന് രക്ഷപ്പെടുത്താൻ കഴിഞ്ഞു. പക്ഷെ ഇത്തരത്തിലുള്ള ഒരു രക്ഷപ്പെടുത്തലിന്റെ ചരിത്രം നമുക്ക് കുറവാണ്. മനുഷ്യജീവന് വിലകൽപ്പിക്കുന്ന ഭരണസംവിധാനം ഇല്ല എന്നതാണ് പ്രശ്നം. ലൈഫ് വാല്യു വളരെ കുറവുള്ള ഒരു രാജ്യത്താണ് നമ്മൾ ജീവിക്കുന്നത്. ഭരണസംവിധാനങ്ങൾ ഇത്തരത്തിൽ പെരുമാറുമ്പോൾ ജനങ്ങൾ തന്നെ തദ്ദേശീയമായ ദുരന്തലഘൂകരണ പരിപാടികളെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്.

**ആഗോളതാപനം എന്ന പ്രതിഭാസത്തെ വേണ്ടത്ര ഗൗരവത്തിൽ മനസ്സിലാക്കുകയും നേരിടുകയും ചെയ്യുക എന്നതും ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി വരണം എന്നാണോ താങ്കൾ കരുതുന്നത്?**

ആഗോളതാപനത്തെ ഗൗരവത്തിലെടുക്കുക എന്നത് പ്രധാനമാണ്. പ്രകൃതി വിഭവങ്ങളുടെ ശോഷണവും ആഗോളതാപനവും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന പ്രതിഭാസങ്ങളാണ്. ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോകുന്നത് പ്രാദേശികമായ ദുരന്തങ്ങളല്ല, ആഗോളവ്യാപ്തിയുള്ള ദുരന്തങ്ങളാണ്. ജനസംഖ്യയുടെ വലിയൊരു ശതമാനം ആളുകൾക്ക് പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യം രൂപപ്പെട്ടുകൊണ്ടിരിക്കുകയാണ്. സൗത്ത് ഏഷ്യയാണ് ആഗോളതാപനത്തിന്റെ ദുരന്തങ്ങൾ വലിയ തോതിൽ ബാധിക്കാൻ പോകുന്ന ഒരു പ്രദേശം. ഹിമാലയത്തിലെ മഞ്ഞുരുകാൻ തുടങ്ങിയ ഹിമാലയൻ നദികളൊഴുകുന്ന പ്രദേശങ്ങളെല്ലാം നശിച്ചുപോകും. അത് വലിയൊരു പ്രദേശമായിരിക്കും. ആഗോളതാപനത്തിനെതിരെ എന്തെങ്കിലും ചെയ്യുക എന്നത് ഏറെ ശ്രമകരമായ കാര്യമാണ്. വളരെ വേഗത്തിലാണ് ആ പ്രക്രിയ നടക്കുന്നത്. അപകടകരമായ രീതിയിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ് ഭൂമി. വ്യാവസായിക യുഗം തുടങ്ങുന്നതിന് മുമ്പുള്ള അവസ്ഥയിൽ നിന്നും (1870കൾ) ആഗോള താ

പനില ഒരു ഡിഗ്രി ഉയർന്ന്, രണ്ട് ഡിഗ്രി എന്ന നിലയിലേക്ക് ഇന്ന് എത്തിയിരിക്കുകയാണ്. 2000 ജിഗാ ടൺ കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളിയാണ് ഈ രണ്ട് ഡിഗ്രി സെൽഷ്യസ് എന്ന ഉയർന്ന താപനിലയിലേക്ക് നമ്മൾ എത്തിയത്. ഇനി ഒരു 1000 ജിഗാ ടൺ കാർബൺ ഡൈ ഓക്സൈഡ് കൂടി പുറത്തുവിട്ടാൽ രണ്ട് ഡിഗ്രി എന്നത് പിന്നിട്ട് താപനില വീണ്ടും ഉയരും. രണ്ട് ഡിഗ്രി എന്ന ലിമിറ്റ് പിന്നിട്ടുകഴിഞ്ഞാൽ പിന്നീട് കാര്യങ്ങൾ കൈവിട്ടുപോകും. കാലാവസ്ഥാ വ്യതിയാനത്തിന്റെ രീതി അതിരൂക്ഷമാകും. അതിതീവ്ര സംഭവങ്ങൾ പതിവാകും. അത്തരത്തിലുള്ള ഒരു സാഹചര്യത്തിലേക്ക് പോകാതിരിക്കണമെങ്കിൽ 1000 ജിഗാ ടൺ എന്ന കാർബൺ ഡൈ ഓക്സൈഡ് പുറന്തള്ളാതെ ശിഷ്ടകാലം മുന്നോട്ടുപോകേണ്ടി വരും. ഇപ്പോഴത്തെ രീതിവച്ചുനോക്കിയാൽ ഇത് ഏറെ ശ്രമകരമായ കാര്യമാണ്. കാർബൺ ബഹിർഗമനത്തിന്റെ 78 ശതമാനവും നോർത്ത് അമേരിക്കയും യൂറോപ്പും ആസ്ട്രേലിയയും ജപ്പാനും മെക്സിക്കോയും അടങ്ങുന്ന പ്രദേശങ്ങളുടെ സംഭാവനയാണ്. അവർ ഈ നില തുടർന്നാൽ ആഗോള സമൂഹത്തിന് പുറന്തള്ളാൻ കഴിയുന്ന കാർബണിന്റെ അളവായ 1000 ജിഗാ ടൺ അവർ തന്നെ പുറന്തള്ളും. 1000 ജിഗാ ടൺ പുറന്തള്ളിയാൽ പോലും മറ്റ് വികസ്വര രാജ്യങ്ങൾക്ക് വികസിത രാജ്യങ്ങളുടെ ജീവിത നിലവാരത്തിലേക്ക് എത്തിച്ചേരാൻ കഴിയുകയുമില്ല. അതായത് രണ്ട് ഡിഗ്രി സെൽഷ്യസിന് താഴെ ആഗോള താപനിലയെ പിടിച്ചുനിർത്തുക എന്നത് സങ്കീർണ്ണമായ സംഗതിയാണ്. രാഷ്ട്രീയ പരിഹാരമാണ് ആഗോള താപനവുമായി ബന്ധപ്പെട്ട് വേണ്ടതെന്ന് ഞാൻ പറയാൻ കാരണം അതാണ്. യൂറോപ്പിലേയും അമേരിക്കയിലേയും ഹരിത പ്രസ്ഥാനങ്ങൾ പറയുന്നതുപോലെ ഫോസിൽ ഫ്യൂവലിൽ നിന്നും പൂർണ്ണമായും മാറിയതുകൊണ്ട് മാത്രം അത് സാധ്യമാകില്ല. ഊർജ്ജ ഉപയോഗത്തെ വിമർശനാത്മകമായി നോക്കിക്കാണുന്ന പുതിയ രാഷ്ട്രീയ നിലപാടുകൾ ഉണ്ടായിവരേണ്ടതുണ്ട്. എനർജി ഇക്വിറ്റി എന്നതാണ് അതിൽ പ്രധാനം. എല്ലാവർക്കും തുല്യമായ തോതിൽ ഊർജ്ജം ഉപയോഗിക്കാൻ കഴിയുക എന്നത് സുസ്ഥിരതയിൽ പ്രധാനപ്പെട്ട സംഗതിയാണ്. ലോകത്ത് എല്ലാ മനുഷ്യർക്കും ഒരേ തോതിൽ ഊർജ്ജം ഉപയോഗിക്കാൻ കഴിയുന്നില്ല എന്നതാണ് എല്ലാ അസമത്വങ്ങളുടെയും കാരണമായി വർത്തിക്കുന്ന സംഗതി. വികസിത രാജ്യങ്ങൾ അവരുടെ ഊർജ്ജ ഉപയോഗം കുറയ്ക്കാൻ തയ്യാറാകണം. അവരെ അതിന് പ്രേരിപ്പിക്കണം. ഇന്ത്യയ്ക്ക് അതിൽ വലിയ പങ്കു വഹിക്കാൻ കഴിയും. ഇന്ത്യൻ സർക്കാരിന്റെ കാര്യമല്ല ഞാൻ പറയുന്നത്. ഇന്ത്യയിലെ സംഘടിത പ്രസ്ഥാനങ്ങളുടെ കാര്യമാണ് പറയുന്നത്. വികസിത ലോകത്തിന് പുറത്തുള്ള രണ്ട് വലിയ രാജ്യങ്ങളാണ് ഇന്ത്യയും ചൈനയും. ചൈനയിൽ ഇത്തരത്തിലുള്ള മൂവ്മെന്റ് ഉയർന്നുവരാനുള്ള ജനാധിപത്യ ഇടമില്ല. ഇന്ത്യയിലും ജനാധിപത്യ ഇടം ചുരുങ്ങിക്കൊണ്ടിരിക്കുയാണെങ്കിലും പ്രതീക്ഷകൾ അവശേഷിക്കുന്നുണ്ട്. ആഗോള താപനത്തെക്കുറിച്ചുള്ള ചർച്ചകളെ ഊർജ്ജ ഉപയോഗത്തെക്കുറിച്ചുള്ള ചർച്ചകളിലേക്ക് കൊണ്ടുവരാൻ കഴിയണം. മൂന്ന് കാര്യങ്ങൾ അടിയന്തരമായി തുടങ്ങിവയ്ക്കാൻ നമുക്ക് കഴിയണം. ഒന്ന്, ഊർജ്ജത്തിന്റെ ഉപയോഗം 55-60 ശതമാനത്തോളം കുറയ്ക്കുക. രണ്ട്, ഫോസിൽ ഇന്ധനങ്ങളിൽ നിന്നും പതിയെ മാറി സൂര്യന്റെ ഊർജ്ജ സാധ്യതകളെ ഉപയോഗപ്പെടുത്തുക. മൂന്ന്, എനർജി ഇക്വിറ്റി എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം എത്തുക. ഇല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഇരകളായിത്തീരുന്ന അഭയാർത്ഥി സമൂഹങ്ങളുടെ എണ്ണം ഇന്ത്യയിൽ കൂടിക്കൊണ്ടേയിരിക്കും.

മൂന്ന് കാര്യങ്ങൾ അടിയന്തരമായി തുടങ്ങിവയ്ക്കാൻ നമുക്ക് കഴിയണം. ഒന്ന്, ഊർജ്ജത്തിന്റെ ഉപയോഗം 55-60 ശതമാനത്തോളം കുറയ്ക്കുക. രണ്ട്, ഫോസിൽ ഇന്ധനങ്ങളിൽ നിന്നും പതിയെ മാറി സൂര്യന്റെ ഊർജ്ജ സാധ്യതകളെ ഉപയോഗപ്പെടുത്തുക. മൂന്ന്, എനർജി ഇക്വിറ്റി എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം എത്തുക. ഇല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ ഇരകളായിത്തീരുന്ന അഭയാർത്ഥി സമൂഹങ്ങളുടെ എണ്ണം ഇന്ത്യയിൽ കൂടിക്കൊണ്ടേയിരിക്കും.

**പ്രകൃതി ദുരന്തങ്ങളെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെടുത്തി കാണുന്ന സമീപനം നമുക്ക് കുറവല്ലേ? ഓഖി ദുരന്തമുണ്ടായപ്പോഴും ഇപ്പോൾ ഇത്രവലിയ പ്രളയമുണ്ടായപ്പോഴും അതിന്റെ കാരണങ്ങളെ കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെടുത്തി കാണുന്ന സമീപനം രൂപപ്പെടേ**

**ണ്ടത് കേരളത്തെ സംബന്ധിച്ച് വളരെ അത്യാവശ്യമല്ലേ?**

കേരളം എന്നല്ല ഇന്ത്യയിലെ ഒരു സ്ഥലത്തും അത്തരത്തിലുള്ള അവബോധം വന്നിട്ടില്ല. കേരളത്തിൽ ഇപ്പോഴുണ്ടായ ദുരന്തത്തെക്കുറിച്ച് ഇന്ത്യയുടെ മറ്റ് ഭാഗത്തുള്ളവർക്ക് ഉള്ള സമീപനം അത് അവരെ ബാധിക്കുന്ന പ്രശ്നമല്ല എന്നതാണ്. മറ്റ് സംസ്ഥാനങ്ങളിൽ ദുരന്തമുണ്ടാകുമ്പോൾ കേരളത്തിലെ ജനങ്ങൾ സ്വീകരിക്കുന്ന സമീപനവും അതുതന്നെയാണ്. ഈ ദുരന്തങ്ങളെല്ലാം പരസ്പര ബന്ധിതമാണെന്നും അത് കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ടതാണെന്നും മനസ്സിലാക്കപ്പെടേണ്ടതുണ്ട്. ഓഖി ദുരന്തമുണ്ടായപ്പോൾ പോലും തീരദേശമൊഴികെയുള്ള കേരളത്തിന്റെ മറ്റ് പ്രദേശങ്ങൾ അതിനോട് സ്വീകരിച്ച നിലപാടെന്തായിരുന്നു എന്ന് ഓർക്കുന്നില്ലേ. അത് തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളെ മാത്രം ബാധിക്കുന്ന പ്രശ്നമായി കണ്ട് കേരളത്തിന്റെ മറ്റ് ഭാഗങ്ങളിലുള്ളവർ അതിനെ അവഗണിച്ചു. ഓഖി സൃഷ്ടിച്ച ദുരിതങ്ങൾ അവസാനിക്കുന്നതിന് മുമ്പുതന്നെ മറ്റൊരു മഹാദുരന്തം കേരളത്തിന്റെ എല്ലാ പ്രദേശങ്ങളെയും താറുമാറാക്കി. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് നടക്കുന്ന അന്താരാഷ്ട്ര ഉച്ചകോടികളിലൊന്നും കേരളത്തിന് ഒന്നും ചെയ്യാൻ കഴിയുന്നുണ്ടാകില്ല. പക്ഷെ ജനങ്ങളോട് ചേർന്നു നിന്നുകൊണ്ട്, ജനങ്ങളുടെ മുൻകൈയിൽ പല തിരുത്തലുകളും നടത്താൻ കേരളത്തിന് കഴിയും. ഇനിയും ഒരു ദുരന്തമുണ്ടാകാതെ കേരളത്തെ രക്ഷിക്കാൻ കേരളത്തിന് മാത്രമേ ശരിക്കും കഴിയൂ. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട രാജ്യാന്തര വേദികളിൽ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കാൻ കേന്ദ്ര സർക്കാരിന് മാത്രമേ കഴിയൂ. കേരളത്തിന് അതിനുവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താം. കേന്ദ്രം സഹകരിക്കുന്നില്ലെങ്കിൽ കേന്ദ്രവുമായുള്ള സഹകരണം നിർത്താം. ഫെഡൽതത്വങ്ങൾ സംരക്ഷിക്കുന്നതിനുള്ള ഒരു നിസഹകരണ സമരമായി അതുമാറ്റാം. അതല്ലാതെ മറ്റുവഴികളില്ല.

**ഇവിടെ നടക്കുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ പൊതുവായ ദിശ മനുഷ്യജീവൻ രക്ഷപ്പെടുത്തുക എന്നതിലാണ്. പ്രകൃതിവിഭവങ്ങൾക്കുണ്ടാകുന്ന നഷ്ടം ദുരന്തനിവാരണ പരിപാടികൾ പരിഗണിക്കുന്നതേയില്ല. രക്ഷപെട്ട മനുഷ്യർ തിരികെയെത്തുമ്പോൾ ഉപജീവനമാർഗ്ഗങ്ങളെല്ലാം പൂർണ്ണമായും നഷ്ടമായിട്ടുണ്ടാകും. ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ഈ സങ്കീർണ്ണമായ പ്രശ്നത്തെ എങ്ങനെയാണ് നേരിടാൻ കഴിയുന്നത്?**

നമ്മുടെ ഡിസാസ്റ്റർ മാനേജ്മെന്റ് പോളിസിയിൽ അത്തരത്തിലുള്ള ഒരു സമീപനം ഇല്ല എന്നത് വസ്തുതയാണ്. 'അപകടങ്ങളെ' അങ്ങനെയല്ല ഡിസാസ്റ്റർ മാനേജ്മെന്റ് കാണുന്നത്.  അപകടസാധ്യത വിലയിരുത്തുക എന്നത് ഡിസാസ്റ്റർ മാനേജ്മെന്റിൽ പ്രധാനമാണ്. മനുഷ്യജീവന് ഭീഷണിയാകുന്നതിനെ മാത്രമേ അപകട സാധ്യതയായി അത് പരിഗണിക്കാറുള്ളൂ. ജീവൻ രക്ഷപ്പെട്ടാൽത്തന്നെ ആ മനുഷ്യർ എങ്ങനെ അവരുടെ ജീവിതാവശ്യങ്ങൾ നിറവേറ്റും എന്നതിനെക്കുറിച്ച് ദുരന്തനിവാരണ സംവിധാനങ്ങൾ ചിന്തിക്കുന്നില്ല. ജീവിതാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള എല്ലാ വിഭവങ്ങളും ഈ ദുരന്തത്തിലൂടെ അവർക്ക് നഷ്ടമായിട്ടുണ്ടാകും. അതുകൂടി തടയാൻ കഴിയുക എന്നത് ദുരന്തനിവാരണത്തിന്റെ പരിഗണനയിൽ വരേണ്ടതുണ്ട്. ഉദാഹരണമായി കേരളത്തിന്റെ കാര്യമെടുക്കുകയാണെങ്കിൽ പശ്ചിമഘട്ട സംരക്ഷണം ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായിത്തന്നെ പരിഗണിക്കേണ്ടതായുണ്ട്. ദുരന്തലഘൂകരണം എന്നത് തീർച്ചയായും ദുരന്തനിവാരണ പരിപാടികളുടെ ഭാഗമാണ്. ആ സമീപനത്തിലൂടെ നോക്കുമ്പോൾ പശ്ചിമഘട്ട സംരക്ഷണം കേവലം ജൈവവൈവിധ്യ സംരക്ഷണം മാത്രമല്ല, അത് കേരളത്തിന്റെ അതിജീവനത്തിനായുള്ള ഒരു ദുരന്തലഘൂകരണ പരിപാടി കൂടിയാണ്. പശ്ചിമഘട്ട സംരക്ഷണത്തെ അത്തരത്തിൽ ജനങ്ങൾക്ക് മുന്നിൽ അവതരിപ്പിക്കാൻ കഴിയണം. മനുഷ്യജീവനും സ്വത്തിനും ഇത്രയേറെ അപകടം ക്ഷണിച്ചുവരുത്തിയ ഉരുൾപൊട്ടലുകളുടെ ഒരു കാലത്ത് ഉറപ്പായും പശ്ചിമഘട്ട സംരക്ഷണത്തെ ദുരന്തലഘൂകരണ പ്രവർത്തനങ്ങളുടെ ഭാഗമായിത്തന്നെ കാണേണ്ടതുണ്ട്. ഗാഡ്ഗിൽ സമിതി ശുപാർശ ചെയ്ത പരിസ്ഥിതി ലോല പ്രദേശങ്ങളുടെ മാതൃകയിലുള്ള  സംരക്ഷണം തന്നെയാണ് അതിന് അഭികാമ്യം. തദ്ദേശീയ തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഗ്രൂപ്പുകൾ രൂപീകരിക്കപ്പെടുമ്പോഴാണ് എങ്ങനെ, എന്തെല്ലാം മേഖലകളിൽ ഇടപെടാം എന്ന് വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നത്.

**വളരെ സാവകാശത്തിൽ നടക്കുന്ന ചില ദുരന്തങ്ങളുണ്ട്. അതിതീവ്രമഴയോ, പ്രളയമോ, കൊടുങ്കാറ്റോ, ഉരുൾപൊട്ടലോ പോലെ അത്രവേഗത്തിൽ അതിന്റെ പ്രതിഫലനങ്ങൾ ദൃശ്യമാകുന്നുണ്ടാകില്ല. പക്ഷെ**

⇨ ഒരു പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് അത് ചർച്ചചെയ്യാൻ കേരള സർക്കാർ തയ്യാറാകണം ⇨



സാഗർ ധാര

**നിരവധി മനുഷ്യരെ അത്തരം ദുരന്തങ്ങൾ നിരാലംബരാക്കുന്നുണ്ടാകാം. ഉദാഹരണത്തിന് കേരളത്തിന്റെ കടലോരത്ത് നടക്കുന്ന തീരശോഷണം. കടൽകയറ്റം കാരണം കേരളത്തിലെമ്പാടും സ്വാഭാവിക തീരങ്ങൾ നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. ഇത് വളരെ സാവകാശത്തിലാണ് നടക്കുന്നത്. പെട്ടെന്ന് ദൃശ്യമാകുന്നില്ലെങ്കിലും കാലക്രമേണ തീരം ഇല്ലാതാവുകയും ജീവിതം അസാധ്യമായിത്തീരുകയും ചെയ്യുന്നു. മേൽമണ്ണിന്റെ നഷ്ടവും ഇത്തരത്തിലുള്ള ഒരു ദുരന്തമാണ്. മണ്ണൊലിപ്പ് വളരെ സാവകാശം നടക്കുന്ന പ്രക്രിയയാണ്. പക്ഷെ വലിയ നഷ്ടങ്ങൾ മനുഷ്യ സമൂഹത്തിന് വരുത്തിവയ്ക്കുന്നു. ഇത്തരം ദുരന്തങ്ങളെ എങ്ങനെയാണ് നേരിടേണ്ടത്? പെട്ടെന്ന് ദൃശ്യമാകുന്ന ദുരന്തങ്ങൾക്ക് ലഭിക്കുന്ന ശ്രദ്ധ ഈ ദുരന്തങ്ങൾക്ക് കിട്ടാറില്ലല്ലോ?**

പെട്ടെന്ന് ദൃശ്യമാകാത്തതും എന്നാൽ ദൂരവ്യാപകമായ ഫലങ്ങളുണ്ടാക്കുന്നതുമായ ഒട്ടേറെ ദുരന്തങ്ങൾ നമുക്ക് ചുറ്റും സംഭവിക്കുന്നുണ്ട്. ഡിസാസ്റ്റർ മാനേജ്മെന്റ് പരിപാടികളുടെ ശ്രദ്ധയിൽ വരുന്നത് പെട്ടെന്നുണ്ടാകുന്ന ദുരന്തങ്ങൾ മാത്രമാണ്. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഈ സമീപനം മാറ്റേണ്ടതു തന്നെയാണ്. പക്ഷെ പതിയെ രൂപപ്പെട്ടുവരുന്ന ഇത്തരം ദുരന്തങ്ങളിൽ ഇടപെടാനുള്ള സാധ്യത ഡിസാസ്റ്റർ മാനേജ്മെന്റിനേക്കാൾ പരിസ്ഥിതി സംരക്ഷണ ശ്രമങ്ങൾക്കാണ് ഉള്ളത്. ഡിസാസ്റ്റർ മാനേജമെന്റിന്റെ ഭാഗമായി നടത്തുന്ന ഇടപെടലുകൾക്ക് അത് സഹായകമായിത്തീരുകയും ചെയ്യും. പെട്ടെന്നുള്ള ദുരന്തങ്ങളായാലും സാവകാശത്തിലുള്ള ദുരന്തങ്ങളായാലും ആഗോള താപനം തന്നെയാണ് കാരണമായിട്ടുള്ളത്. അതുകൊണ്ടുതന്നെ രണ്ടിന്റെയും ആത്യന്തിക പരിഹാരം ഒരേ സ്ഥലത്തേക്ക് തന്നെയാണ് വിരൽ ചൂണ്ടുന്നത്. അതുകൊണ്ട് ആഗോള താപനത്തെ എങ്ങനെയാണ് നേരിടേണ്ടത് എന്നതിലേക്ക് ചർച്ചകൾ വഴിതിരിയട്ടെ. അത് ഏറെ വ്യാപിതയുള്ള വിഷയമായതിനാൽ ഒരു പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് അത് ചർച്ചചെയ്യാൻ കേരള സർക്കാർ തയ്യാറാകണം.

**ദുരന്തലഘൂകരണത്തിന് കൂടി ഊന്നൽ നൽകുന്നതരത്തിൽ ദുരന്ത നിവാരണ വകുപ്പ് പരിഷ്കരിക്കപ്പെടേണ്ടതില്ലേ? പ്രത്യേകിച്ച് പരിസ്ഥിതി സംരക്ഷണത്തെക്കൂടി ഉൾച്ചേർക്കാൻ കഴിയുന്നതരത്തിൽ. കേരളത്തിൽ റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്നതുകൊണ്ടുതന്നെ ഡിസാസ്റ്റർ മാനേജ്മെന്റിന് അത്തരം സമീപനങ്ങളൊന്നും ഇല്ല. അത്തരത്തിലുള്ള ഒരു ഏകോപനം തന്നെ അസാധ്യമായിത്തീരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ രൂക്ഷതകൾ പ്രകടമായിത്തുടങ്ങിയ കാലത്ത് ഇത് പരിഷ്കരിക്കപ്പെടേണ്ടതല്ലേ?**

തീർച്ചയായും വേണം. ഡിസാസ്റ്റർ മാനേജ്മെന്റ് ഒരു പ്രത്യേക വകുപ്പ് തന്നെയായി നിൽക്കുകയാണ് വേണ്ടത്. ഒരു വകുപ്പിനോടും പ്രത്യേകം കൂറില്ലാത്ത, എന്നാൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിക്കാൻ കഴിയുന്ന ഒരു സ്വതന്ത്ര നിൽപ്പായിരിക്കണം അത്. പക്ഷെ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ തദ്ദേശീയ ജനതയുടെ നേതൃത്വത്തിൽ പ്രാദേശികതലത്തിൽ ദുരന്തനിവാരണ സമിതികൾ രൂപീകരിക്കപ്പെട്ടു കഴിഞ്ഞാൽ അതിനെ ശക്തിപ്പെടുത്തുകയും വേണ്ട സഹായങ്ങൾ നൽകുകയും ചെയ്യുക എന്നല്ലാതെ സംസ്ഥാനതലത്തിൽ ഒരു ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് തന്നെ വേണമെന്നില്ല. ജനങ്ങൾ ശക്തിപ്പെടട്ടേ. അതാണ് വേണ്ടത്. ■


**ഉരുൾപൊട്ടലുകളിൽ നടുങ്ങുന്ന കേരളം വായിക്കേണ്ട പുസ്തകം**

**കേരളത്തിലെ പാറമടകൾ സൃഷ്ടിക്കുന്ന സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ**

**'മുറിവേറ്റ മലയാഴം'**

**നബീൽ. സി.കെ.എം**

**വില: 150 രൂപ. പേജ്: 152.**

**പ്രസാധനം: കേരളീയം പുസ്തകശാല**

**കോപ്പികൾക്ക്: 04872421385, 9446586943**